
അനുസ്മരണം

# ബി.ഡി. ശർമ്മ: ആദിവാസികളുടെ അവകാശങ്ങൾക്കായി സമർപ്പിക്കപ്പെട്ട ജീവിതം

**ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം**




ഡോ. ബ്രഹ്മദത്ത് ശർമ്മ (ഡോ. സാഹേബ്) ഡിസംബർ ആറിന് നമ്മോട് വിടപറഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും അദ്ദേഹം സജീവമായിരുന്ന ആന്ദോളൻ ബിരാദാരിയോടും ഹൃദയംഗമമായ അനുശോചനം ഞങ്ങൾ രേഖപ്പെടുത്തുകയാണ്. 1968ൽ ബസ്തറിൽ നിന്നും തുടങ്ങി 1986-1991 കാലത്ത് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് മുതൽ ഷെഡ്യൂൾഡ് ട്രൈബ്സ് കമ്മീഷണർ ആയിരുന്നതുവരെയുള്ള ഔദ്യോഗിത ജീവിതത്തിൽ ആദിവാസികളുടെയും ദളിതരുടെയും തൊഴിലാളികളുടെയും കർഷകരുടെയും ഭരണഘടനാപരമായ അവകാശങ്ങൾക്കായി അദ്ദേഹം ധീരമായി നിലകൊണ്ടു. നോർത്ത് ഈസ്റ്റേൺ ഹിൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസ്‌ലറായും ആസൂത്രണ ബോർഡിന്റെയും നാഷണൽ അഡ്വൈസറി കൗൺസിലിന്റെയും പല കമ്മിറ്റികളുടെയും അദ്ധ്യക്ഷനായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. എസ്.സി/എസ്.ടി കമ്മീഷണർ എന്ന നിലയിൽ പല സുപ്രധാന റിപ്പോർട്ടുകളും എഴുതിയുണ്ടാക്കിയതിനൊപ്പം ഭൂരിയ കമ്മറ്റി റിപ്പോർട്ട്, പെസ ആക്ട്, വനാവകാശ നിയമം തുടങ്ങിയവ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്തു. ആദിവാസി മന്ത്രാലയത്തിന്റെ സെക്രട്ടറിയായിരിക്കേ അദ്ദേഹമാണ് ആദ്യമായി ട്രൈബൽ സബ് പ്ലാൻ എന്ന ആശയം മുന്നോട്ടുവച്ചത്. ആദിവാസികൾക്കിടയിലുള്ള വിവിധ മുൻകൈകളിൽ 2014 വരെ അദ്ദേഹം സർക്കാറിനൊപ്പം സഹകരിക്കുകയും അതേസമയം സർക്കാർ വഞ്ചനകൾക്കെതിരെ ശക്തമായ നിലപാടെടുക്കുകയും ചെയ്തു. ആദിവാസി മേഖലകളിലും ഷെഡ്യൂൾഡ് ഏരിയകളിലും നിലനിൽക്കുന്ന യുദ്ധസമാനമായ സാഹചര്യം അദ്ദേഹത്തെ അസ്വസ്ഥപ്പെടുത്തിയിരുന്നു.

'ഹമാരാ ഗാവോം ഹമാരാ സർക്കാർ' എന്ന മുദ്രാവാക്യത്തോട് ഐക്യപ്പെട്ടുകൊണ്ട് ഗ്രാമസഭകൾക്ക് അധികാരം നൽകുന്നതരത്തിൽ സ്വരാജിനെ വികസിപ്പിക്കുന്നതിനുള്ള ഭരണഘടനാപരമായ സാധ്യതകൾ അദ്ദേഹം നിരന്തരം അന്വേഷിച്ചു. അദ്ദേഹം എസ്.സി/എസ്.ടി കമ്മീഷണർ ആയിരിക്കുമ്പോഴാണ് നർമ്മദ വാട്ടർ ഡിസ്പ്യൂട്ട് ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കണം എന്ന് ആവശ്യപ്പെട്ട് ആദ്യമായി സുപ്രീംകോടതിയെ സമീപിക്കുന്നത്. സുപ്രീംകോടതി ഉത്തരവിനെ തുടർന്ന് നർമ്മദ വാട്ടർ ഡിസ്പ്യൂട്ട് അതോറിറ്റി രൂപീകരിക്കപ്പെടുകയും സർദാർ സരോവർ അണക്കെട്ടു കാരണം കുടിയൊഴിപ്പിക്കപ്പെട്ട നിരവധി പേർക്ക് ഭൂമി ലഭിക്കുകയും ചെയ്തു. സുപ്രീംകോടതി വിധിയേയും സമരത്തെയും അവഗണിച്ച് ഡാമിന് ഉയരം കൂട്ടുന്നതിനുള്ള നീക്കങ്ങളുമായി എൻ.ഡി.എ സർക്കാറും മുന്നോട്ടുപോവുകയാണ്. രണ്ട് ലക്ഷം ജനങ്ങളാണ് ഡാമിന്റെ നിർമ്മാണം യാഥാർത്ഥ്യമാകുന്നതോടെ കുടിയൊഴിപ്പിക്കപ്പെടാൻ പോകുന്നത്.

നവലിബറൽ നയങ്ങളുമായി ഭാഗമായി സൃഷ്ടിക്കപ്പെട്ട അസമത്വങ്ങളിൽ വല്ലാതെ വേദനിച്ചിരുന്ന ഒരു ദാർശനികൻ കൂടിയായിരുന്നു ഡോ. ശർമ്മ. സർക്കാർ നയങ്ങളുടെയും നിയമങ്ങളുടെയും പദ്ധതികളുടെയും കൃത്യമായ നടപ്പിലാക്കലിനായി അക്ഷീണം പ്രയത്നിക്കുമ്പോഴും, ജനങ്ങൾ സ്വമേധയാ സംഘടിച്ചുകൊണ്ട് സ്വജീവിതത്തിനും തദ്ദേശീയ വിഭവങ്ങൾക്കും മേലുള്ള തങ്ങളുടെ നിയന്ത്രണാധികാരം ഉറപ്പിക്കുകയും വികസനനയങ്ങൾ തീരുമാനിക്കുന്നതിൽ അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്താൽ മാത്രമേ സ്വരാജ് സാധ്യമാകൂ എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. ഭാരത് ജൻ ആന്ദോളൻ എന്ന ഒരു പ്രസ്ഥാനം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നപ്പോഴും നർമ്മദാ ബച്ചാവോ ആന്ദോളൻ, ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം, കിസാൻ പ്രതിഷ്ഠ മഞ്ച്, കാമ്പയിൻ ഫോർ സർവൈവൽ ആന്റ് ഡിഗ്നിറ്റി തുടങ്ങിയ ഒട്ടേറെ സമര ഗ്രൂപ്പുകളുമായി അദ്ദേഹം അടുത്ത ബന്ധം പുലർത്തി. രാജ്യത്തുടനീളം സഞ്ചരിച്ച് കർഷകർ, തൊഴിലാളികൾ തുടങ്ങി അഭിഭാഷകർ വരെയുള്ള ജനവിഭാഗങ്ങളുമായി അദ്ദേഹം നിരന്തരം സമ്പർക്കത്തിലേർപ്പെട്ടു. തന്റെ കാഴ്ചപ്പാടുകൾ നിരന്തരം എഴുതിയിരുന്ന അദ്ദേഹം 'സഹയോഗ് കുതിർ പ്രകാശൻ' എന്ന ഒരു പ്രസിദ്ധീകരണ സ്ഥാപനവും നടത്തിയിരുന്നു. മിതവ്യയത്തോടെ വളരെ സാധാരണക്കാരനായി ജീവിച്ചിരുന്ന അദ്ദേഹം എല്ലാവർക്കും പ്രാപ്യനാകും വിധമുള്ള മുണ്ടും കുർത്തയും ധരിച്ചാണ് രാജ്യത്തുടനീളം സഞ്ചരിച്ചിരുന്നത്. പാർശ്വവത്കൃത ജനവിഭാഗങ്ങൾക്ക് വേണ്ടി ദൃഢവിശ്വാസത്തോടെ പ്രവർത്തിച്ചിരുന്ന ഒരു പോരാളിയെയാണ് നമുക്ക് നഷ്ടമായിരക്കുന്നത്.


സന്ദർശിക്കുക...

കേരളീയം ഡിജിറ്റൽ ആർക്കൈവ്



കേരളീയം മാസികയുടെ 17 വർഷങ്ങൾ ഡിജിറ്റൽ രൂപത്തിൽ നിങ്ങൾക്ക് ലഭ്യമാണ് .
കേരളീയത്തിന്റെ മുൻ ലക്കങ്ങൾ ഓൺലൈൻ ആയി വായിക്കാം.
ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാം...സന്ദർശിക്കുക.....www.keraleeyammasika.com